**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** **13-10-2021 - ൽ മറുപടിയ്ക്ക്**

**കടലിൽ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടലിൽ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് തീരദേശ സംരക്ഷണ സേനയുമായി ചേർന്ന് പ്രതിരോധ പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കടലിൽ അപകടങ്ങളുണ്ടാകുമ്പോൾ കഴിയുന്നത്ര വേഗം രക്ഷാ പ്രവർത്തനം സാദ്ധ്യമാക്കും വിധം മൂന്ന് മറൈൻ ആംബുലൻസുകൾ സജ്ജമാക്കുകയും അവ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരികയുമാണ്. കൂടാതെ മറൈൻ ജില്ലകളിലായി ഏഴ് റസ്ക്യൂ ബോട്ടുകളും, കടൽ രക്ഷാ സോനാംഗങ്ങളെയും സജ്ജമാക്കിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് കടൽ രക്ഷാപ്രവർത്തനത്തിന് റസ്ക്യൂ ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 900 മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി കടൽരക്ഷാ പ്രവർത്തനത്തിന് സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 612 പേരുടെ പരിശീലനം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം യാനം ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിന് നിയോഗിക്കുന്നതാണ് പദ്ധതി. കൂടാതെ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ കടൽ രക്ഷാ പ്രവർത്തനം അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ ഇതിൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ കൂടെ സഹായം തേടി പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചുഴലിക്കാറ്റ്, സുനാമി അടിയന്തിര മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളെ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, എന്നിവരുടെ സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത |

| | | | |
|---|---|---|---|
| | | | ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന പ്രവൃത്തികൾ കൺട്രോൾ റൂം വഴി നടത്താൻ സാധിക്കും. ആയതിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെൻറ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവരുടെ ഏകോപനവും കൺട്രോൾ റൂം വഴി സാധിക്കും. നിലവിലെ രക്ഷാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരദേശ സംരക്ഷണ സേനയുമായി ചർച്ച നടത്തി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ